"ഭരണഭാഷ - മാതൃഭാഷ"

നം:-വൈ(2)/12926/2024/ഡി ജി ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 18-07-2024

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം – 2023-24 വർഷത്തെ സംസ്ഥാന അദ്ധ്യാപക അവാർഡ് - നോമിനേഷൻ ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന :- സ.ഉ.(സാധാ) നം. 4631/2022/പൊ.വി.വ. തീയതി 06/08/2022

****

സംസ്ഥാന അദ്ധ്യാപക അവാർഡ് - നിർണ്ണയ സമിതികളുടെ ഘടനയും മാർഗ്ഗരേഖയും പരിഷ്കരിച്ച് സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2023-24 വർഷത്തെ സംസ്ഥാന അദ്ധ്യാപക അവാർഡിന് അർഹതയുള്ള അദ്ധ്യാപകരെ കണ്ടെത്തുന്നതിനായി നോമിനേഷനുകൾ ക്ഷണിക്കുന്നു.

2023-24 വർ ഷത്തെ സംസ്ഥാന അദ്ധ്യാപക അവാർഡ് നിർണ്ണയം സ്കൂൾ, ഉപജില്ല/വിദ്യാഭ്യാസ ജില്ല/ആർ.ഡി.ഡി/എ.ഡി. റവന്യൂ ജില്ലാതലങ്ങളിൽ വിവിധ ഘട്ടങ്ങളായാണ് നടക്കുന്നത്. എൽ.പി., യു.പി, എച്ച്.എസ്., എച്ച്.എസ്.എസ്., വി.എച്ച്.എസ്.ഇ. എന്നീ വിഭാഗങ്ങൾക്കാണ് അവാർഡുകൾ നൽകുന്നത്. സംസ്ഥാന അദ്ധ്യാപക അവാർഡ് നിർണ്ണയവുമായി ബന്ധപ്പെട്ട് സൂചന പ്രകാരം സർക്കാർ പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത ഉത്തരവിലെ നിദ്ദേശങ്ങൾക്കനുസൃതമായി തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തീകരിക്കേണ്ടതാണ്.

| | |
|---|---|
| പി.റ്റി.എ/എസ്.എം.സി/സ്റ്റാഫ് കൗൺസിൽ/സ്കൂൾ പാർലമെന്റ് എന്നീ വിഭാഗങ്ങളിൽ നിന്നും നോമിനേഷനുകൾ ബന്ധപ്പെട്ട ഉപജില്ല/വിദ്യാഭ്യാസ ജില്ല/ആർ.ഡി.ഡി./എ.ഡി ഓഫീസുകളിൽ നകുന്നതിനുള്ള അവസാന തീയതി | 27/07/2024 |
| ലഭ്യമായ നോമിനേഷനുകൾ ബന്ധപ്പെട്ട ഓഫീസുകളുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ട അവസാന തീയതി | 30/07/2024 |
| നോമിനേറ്റ് ചെയ്ത അദ്ധ്യാപകരുടെ സ്വയം വിലയിരുത്തൽ രേഖകൾ ശേഖരിക്കേണ്ടതും ആയത് ഉപജില്ല/വിദ്യാഭ്യാസ ജില്ല/ ആർ.ഡി.ഡി./എ.ഡി തലത്തിൽ പരിശോധിച്ച് റവന്യൂ പരിശോധന സമിതിക്ക് കൈമാറേണ്ട അവസാന തീയതി | 08/08/2024 |
| ജില്ലാതല സമിതി പരിശോധിച്ച് സംസ്ഥാനതലത്തിലേയ്ക്ക് നോമിനേഷൻ സമർപ്പിക്കേണ്ട അവസാന തീയതി | 16/08/2024 |

സംസ്ഥാനതലത്തിലേയ്ക്ക് ജില്ലകളിൽ നിന്ന് പ്രൊപ്പോസലുകൾ അയക്കുമ്പോൾ താഴെ

പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. അപേക്ഷയുടെ 3 കോപ്പി വീതം അയക്കേണ്ടതാണ്.
2. അപേക്ഷയുടെ നിർദ്ദിഷ്ട സ്ഥാനത്ത് 6 മാസത്തിനകം എടുത്തിട്ടുള്ള പാസ്സ്പോർട്ട് സൈസ് ഫോട്ടോ (കളർ ഫോട്ടോ) പതിക്കേണ്ടതും അധികമായി 2 ഫോട്ടോ കൂടി ഉൾപ്പെടുത്തേണ്ടതുമാണ്.
3. കവറിനു പുറത്ത് സംസ്ഥാന അദ്ധ്യാപക അവാർഡിനുള്ള അപേക്ഷ 2023-24 എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.
4. അപേക്ഷകൾ സമർപ്പിക്കുമ്പോൾ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്
5. പ്രൊഫോർമയിലെ എല്ലാ കോളങ്ങളും വിട്ടുപോകാതെ പൂരിപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ജില്ലാതല സെലക്ഷൻ കമ്മിറ്റിയുടെ മിനിട്സ് കൂടി സമർപ്പിക്കേണ്ടതാണ്.
6. അപേക്ഷകൾ നേരിട്ടോ, തപാൽ വഴിയോ 16/08/2024 വൈകുന്നേരം 5.00 മണിക്കകം ഈ കാര്യാലയത്തിലെ പബ്ലിക് റിലേഷൻ ഓഫീസർക്ക് ലഭിച്ചിരിക്കണം. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

Signed by
Shanavas S
Date: 18-07-2024 19:37:18
പൊതു വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ് :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
2. എല്ലാ ആർ.ഡി.ഡി. മാരും
3. എല്ലാ എ.ഡി മാരും
4. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
5. എല്ലാ പ്രിൻസിപ്പൽ/പ്രധാനാദ്ധ്യാപകരും(ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേന)

പകർപ്പ്

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
   (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
2. സ്റ്റോക്ക് ഫയൽ

ഉള്ളടക്കം :- Annexure I to Annexure V, Annexure VA & VB

സ്വീകർത്താവ്: